**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 652** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേശ്വരത്ത് എക്സൈസ് സർക്കിൾ ഓഫീസ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** മഞ്ചേശ്വരത്ത് എക്സൈസ് സർക്കിൾ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** മഞ്ചേശ്വരം എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

**(ബി)** കുമ്പള എക്സൈസ് ഓഫീസിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനുള്ള യാർഡ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** കുമ്പള എക്സൈസ് റെയിഞ്ച് ഓഫീസിന്റെ പരിധിയിലുള്ള കോയിപ്പാടി വില്ലേജിലെ സർവ്വേ നമ്പർ 378/15-ൽ പ്പെട്ട ഒരേക്കർ സ്ഥലത്ത് വാഹന ഡമ്പിങ് യാർഡ്, ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് 23 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ പദ്ധതി ഇനങ്ങളിൽ വാഹനങ്ങളുടെ യാർഡ് നിർമ്മാണത്തിനായി 80,00,000/-(എൺപത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളതാണ്. ആയത് പ്രകാരം മേൽ സ്ഥലത്ത് വാഹന ഡമ്പിങ് യാർഡ്, ചുറ്റുമതിൽ, ഗാർഡ് റൂം എന്നിവയുടെ നിർമ്മാണത്തിനായി കാസർഗോഡ് പൊതുമരാമത്ത് വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 24,67,000/- (ഇരുപത്തിനാല് ലക്ഷത്തി അറുപത്തി ഏഴായിരം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നു.

**(സി)** പൈവെളിഗെയിൽ എക്സൈസ് ഓഫീസ് അനുവദിക്കുന്നത് പരിഗണനയിൽ ഉണ്ടോ?

**<u>മറുപടി:</u>** മഞ്ചേശ്വരം എക്സൈസ് സർക്കിൾ ഓഫീസിന് കെട്ടിട നിർമ്മാണത്തിനായി പൈവെളിഗെ വില്ലേജിൽ 25 സെന്റ് സ്ഥലം അനുവദിച്ച് കിട്ടുന്നതിനായി പ്രൊപ്പോസൽ കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**